## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2217** **11/06/2018-ൽ മറുപടിക്ക്**

### ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ

**ചോദ്യം**

ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. എം. മുകേഷ്
ശ്രീ. ആർ. രാജേഷ്
ശ്രീ. പി.കെ. ശശി

**മറുപടി**

ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഹോമിയോ ആശുപത്രികളെ എൻ.എ.ബി.എച്ച്. നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ക്യാൻസർ, ജീവിത ശൈലി രോഗങ്ങൾ എന്നിവയെ പ്രതിരോധിക്കുന്നതിന് ഹോമിയോപ്പതി, നാച്ചുറോപ്പതി, യോഗ എന്നിവയെ സംയോജിപ്പിച്ച് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിനും സമഗ്ര ചികിത്സയ്ക്കും വേണ്ടി ആയുർവ്വേദ, ഹോമിയോ, സിദ്ധ, യോഗാ-നാച്ചുറോപ്പതി വിഭാഗങ്ങളെ ഉൾപ്പെടുത്തി നാഷണൽ ആയുഷ് മിഷൻ മുഖേന നടപ്പിലാക്കുന്ന ഒരു ചികിത്സാ പദ്ധതിയാണ് ആയുഷ് ഹോളിസ്റ്റിക് സെന്റർ. നിലവിൽ തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ യോഗ, നാച്ചുറോപ്പതി എന്നിവയുമായി സംയോജിപ്പിച്ച് ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ (ആയുഷ്മാൻ ഭവ) 2017-18 മുതൽ എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. |
| (സി) | ഹോമിയോപ്പതിയുടെ വന്ധ്യതാ നിവാരണ പദ്ധതിയായ 'ജനനി'യുടെ സേവനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജനനി ഇൻഫെർട്ടിലിറ്റി സെന്റർ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എല്ലാ ജില്ലാ ആശുപത്രികളോടുമനുബന്ധിച്ച് ഹോമിയോപ്പതി വിഭാഗത്തിന്റെ കീഴിൽ സാന്ത്വന പരിചരണ ചികിത്സ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ക്യാൻസർ സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കുമായി മാത്രം 2014-ൽ ഹോമിയോപ്പതി വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ 10 കിടക്കകളോടുകൂടിയ ഒരു പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു തുടർന്ന് എല്ലാ ജില്ലാ ഹോമിയോ ആശുപത്രികളോടനുബന്ധിച്ചും പ്രത്യേകമായി 5 കിടക്കകൾ നീക്കി വച്ചുകൊണ്ട് സാന്ത്വന പരിചരണ കേന്ദ്രങ്ങൾ ആരംഭിച്ചു. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഹോമിയോപ്പതി സാന്ത്വന പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ